# കേരളസർവകലാശാല

നം.പി.ആർ.244/2021

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദ പ്രവേശനം – 2021**
**ജനറൽ/ സംവരണ വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് – ആലപ്പുഴ മേഖല – ഡിസംബർ 2,3 തീയതികളിൽ**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/ സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 2,3 തീയതികളിൽ എസ്. ഡി കോളേജ് ആലപ്പുഴയിൽ നടത്തുന്നതാണ്.

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം എസ്. ഡി കോളേജ് ആലപ്പുഴയിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer, SC-ST, EWS) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇത് വരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

ആലപ്പുഴ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കേരള സർവകലാശാല ബിരുദാനന്തര ബിരുദ പ്രവേശനം 2021**

**സ്പോർട്സ് ക്വാട്ട പ്രവേശനം – സംബന്ധിച്ച്**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. 22.10.2021 ന് മുമ്പായി കോളേജിൽ പ്രൊഫോർമ കൊടുത്ത വിദ്യാർത്ഥികളെ മാത്രമേ വെരിഫിക്കേഷനിൽ പരിഗണിച്ചിട്ടുള്ളു.

വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർ 26.11.2021- നകം രേഖാമൂലം (ഇ-മെയിൽ-onlineadmission@keralauniversity.ac.in)പരാതി നൽകണം. ഈ പരാതികൾ പരിഗണിച്ച ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

**ഒന്നാം വർഷ ബി.എഡ് പ്രവേശനം - 2021**
**സ്പോർട്സ് /ജനറൽ/ സംവരണ വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ്**
**നവംബർ 26,27 തീയതികളിൽ**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ്, എയ്ഡഡ്, സ്വാശ്രയ, കെ.യു.സി.ടി.ഇ കോളേജുകളിലെ ഒന്നാം വർഷ ബി. എഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ / മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് നവംബർ 26, 27 തീയതികളിൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ ഓഡിറ്റോറിയത്തിൽ നടത്തുന്നു.

ബി.എഡ് ഫിസിക്കൽ സയൻസ്, സോഷ്യൽ സയൻസ്, ജിയോഗ്രാഫി, നാച്ചുറൽ സയൻസ്, മാത്തമാറ്റിക്സ്, കോമേഴ്സ് എന്നിവ നവംബർ 26 ന് നടത്തുന്നതാണ്. ബി.എഡ് ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, അറബിക്, സംസ്കൃതം, എന്നിവ നവംബർ 27 ന് നടത്തുന്നതാണ്.

സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ലിസ്റ്റ് പ്രകാരം 27.11.2021 സ്പോർട്സ് ക്വാട്ട അലോട്ട്മെന്റ് മേൽ പറഞ്ഞ വേദിയിൽ വച്ച് തന്നെ സർവകലാശാല നടത്തുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ മതിയായ രേഖകളുമായി അന്നേ ദിവസം 10 മണിക്ക് മുമ്പായി ഹാജാരാകേണ്ടതാണ് .

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. മറ്റെന്തെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർഥികൾ സാക്ഷ്യ പത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer, SC-ST, EWS) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇത് വരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 230 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1130 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

വിശദ വിവരങ്ങൾക്ക് (http://admissions.keralauniversity.ac.in) അഡ്മിഷൻ വെബ്സൈറ്റ് കാണുക.

## ബിരുദാനന്തര ബിരുദ പ്രവേശനം 2021
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് നവംബർ 29 ന് പ്രസിദ്ധീകരിക്കും. വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.

ഡിസംബർ 1 മുതൽ 3 വരെയാണ് കോളേജ് പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ വിദ്യാർഥിയുടെയും പേരിനു നേർക്ക് കോളേജിൽ കൗൺസിലിംഗിനായി ഹാജരാകേണ്ട തീയതിയും സമയവും നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഹാജരാകാൻ സമയം നല്കിയിട്ടുള്ളവർ മാത്രമേ പ്രസ്തുത തീയതികളിൽ ഹാജാരാകേണ്ടതുള്ളൂ. ആദ്യ 50 റാങ്ക് വരെയുള്ളവർക്ക് മാത്രമാണ് ആദ്യ ഘട്ടത്തിൽ കൗൺസിലിങ് നടത്തുന്നത്. സീറ്റുകൾ ബാക്കിയാവുന്ന പക്ഷം മാത്രം രണ്ടാം ഘട്ട കൗൺസിലിങ് നടത്തുന്നതാണ്. അതിനുള്ള തീയതിയും സമയവും പിന്നീട് അറിയിക്കും.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷാകർത്താവ്/ പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അടിസ്ഥാനത്തിൽ കൗൺസിലിംഗിന് വിളിക്കുന്ന സമയം വിദ്യാർഥിയോ പ്രതിനിധിയോ ഹാജരായില്ല എങ്കിൽ പ്രസ്തുത ഒഴിവിലേക്ക് റാങ്ക് ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കുന്നതല്ല.

<u>ഓരോ കോഴ്സിനും നിശ്ചിത എണ്ണം സീറ്റുകൾ മാത്രമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. സീറ്റുകളുടെ എണ്ണം കോളേജിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതും കൗൺസിലിംഗിന് സമയം അനുവദിച്ചു എന്നതും കൊണ്ട് സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.</u>

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കു ന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. <u>നിലവിൽ അലോട്ട്മെന്റ് മുഖേന മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചു എന്ന് ഉറപ്പായാൽ മാത്രം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ, അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി തുടർ നടപടികൾ പൂർത്തിയാക്കണം.</u> പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിങ്ങിൽ ആ ഒഴിവ് നികത്തുന്നതുമാണ്. ഇങ്ങനെ അഡ്മിഷൻ നഷ്ടമായവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ആദ്യമായി ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്റ്റീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസ്സിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്. Temporary / താത്കാലിക അഡ്മിഷൻ കമ്മ്യൂണിറ്റി ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക.

**ഒന്നാം വർഷ ബിരുദ പ്രവേശനം - 2021**
**ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് - തിരുവനന്തപുരം, കൊല്ലം**
**മേഖല - നവംബർ 30 നും ഡിസംബർ 1 നും**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം, കൊല്ലം മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് നവംബർ 30 നും ഡിസംബർ 1 നും നടത്തുന്നതാണ്.

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം താഴെ പറയുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. മേഖലാടിസ്ഥാനത്തിലുള്ള സെന്ററുകൾ താഴെ പറയുന്നവയാണ്

- തിരുവനന്തപുരം - യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം
- കൊല്ലം - എസ്. എൻ കോളേജ്, കൊല്ലം

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer, SC-ST, EWS) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇത് വരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

തിരുവനന്തപുരം, കൊല്ലം മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദപ്രവേശനം 2021**
**പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം**

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തോന്നയ്ക്കൽ, എ.ജെ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കോളേജിലും (MA English), ശ്രീ നാരായണ ഗുരു മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, തുറവൂർ, ആലപ്പുഴയിലും (MCom Finance) പുതുതായി ആരംഭിക്കുന്ന (2021-22) MA English , MCom Finance എന്നീ കോഴ്സുകൾ അഡ്മിഷൻ പേജിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ഇത് ഓപ്ഷൻ ലിസ്റ്റിൽ ചേർക്കാവുന്നതാണ്.

പുതുതായി ഓപ്ഷൻ ചേർക്കുന്നവരുടെ പുതിയ ഓപ്ഷനുകൾ മാത്രമേ അടുത്ത അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. ആയതിനാൽ വിദ്യാർത്ഥികൾ താല്പര്യമുള്ള എല്ലാ ഓപ്ഷനുകളും അവരവരുടെ പ്രൊഫൈലിൽ പുതുതായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക.

ബിരുദാനന്തര ബിരുദ പ്രവേശനത്തിന് അപേക്ഷിക്കുന്നതിനും പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനുള്ള അവസാന തീയതി നവംബർ-26 വൈകുന്നേരം 5 മണി വരെ. സപ്ലിമെന്ററി അലോട്ട്മെന്റ് നവംബർ 27 ന് പ്രസിദ്ധീകരിക്കുന്നതാണ്.

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദപ്രവേശനം 2021 പുതിയ രജിസ്ട്രേഷനും, അപേക്ഷയിൽ തിരുത്തലിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും അവസരം. സെൽഫ് ഫിനാൻസ് കോളേജുകളിലെ പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ഇതുവരെ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് പുതിയ രജിസ്ട്രേഷനും, നിലവിൽ രജിസ്ട്രേഷൻ ഉള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും നവംബർ 24 മുതൽ 26 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സെൽഫ് ഫിനാൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കോഴ്സുകളുടെയും കോളേജുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. ടി കോഴ്സുകളിലേക്കുള്ള പ്രവേശനം ഈ മാസം 30 ന് ആരംഭിക്കുന്ന സ്പോട്ട് അലോട്ട്മെന്റ് വഴി നികത്തുന്നതാണ്.

| SL No. | Name of college | Course | Strength |
|---|---|---|---|
| 1. | Haji CHMM College for Advanced Studies | B.A. Journalism and Mass Communication | 30 |
| 2. | IMDR College of Advanced Studies (I-CAS),Purushothamgiri, Mylam, Cheriyakonni. P.O., TVPM – 13 | B.A. Economics | 30 |
| 3. | KTCT College of Arts &Science,Azhamkonam, Thottakkadu P.O., Kallambalam, TVPM 695605 | B.A Sociology | 30 |
| 4. | Marian College of Arts &Science,Menamkulam | B.Sc. Geography | 24 |
| 5. | MGM College of Arts &Science, Pallinada, Kaniyapuram, Thiruvananthapuram, Kerala | B.A. Journalism and Mass Communication | 30 |
| 6. | Saraswathy College of Arts &Science | B.Sc. Physics | 24 |
| 7. | Sree Narayana Guru College of Advanced Studies,Chempazhanthy, TVPM 695587 | B.Sc Psychology. | 24 |
| 8. | Sree Sankara Vidyapeetom College,Nagaroor, Kilimanoor | BA Economics with Mathematics subsidiary | 30 |
| 9. | White Memorial College of Arts &Science,Panachamoodu, Thiruvananthapuram 695505 | B.Sc. Mathematics | 24 |
| 10. | Don Bosco College,Kottiyam, Umayanalloor P.O., Kollam, Kerala – 691589 | B.Com Finance | 30 |
| 11. | KVVS College of Science &Technology,Adoor | B.Sc. Physics with Computer Application | 24 |
| 12. | Mar Thoma College of Science &Technology,Chadayamangalam P.O., Ayur | B.Sc Chemistry | 24 |
| 13. | NSS Arts &Science College, Perayam, Kundara, Kollam | B.A. History | 30 |
| 14. | Mar Chrysostom College, Paranthal, Adoor, Pathanamthitta | B.Sc. Psychology | 24 |

| | | | |
|---|---|---|---|
| 15. | Mar Ivanios College of Arts &Science,Kallumala, Mavelikkara | B.Sc Computer Science | 24 |
| 16. | SDV College of Arts &Applied Science,Sanathanapuram, Kalarcode, Alappuzha 688 003 | B.A. English Language and Literature | 30 |
| 17. | Sree Narayana Guru College of Advanced Studies,Nangiarkulangara P.O. 690 513, Alappuzha | B.Sc Statistics | 24 |

**കൂടുതൽ വിവരങ്ങൾക്ക്:** https://admissions.keralauniversity.ac.in **എന്ന വെബ്സൈറ്റ് സന്ദർശിക്കുക**

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ എം.എ ലിംഗ്വിസ്റ്റിക്സ് പ്രോഗ്രാമിന് 2021 –23 ബാച്ച് അഡ്മിഷനു ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2021 നവംബർ 26ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ എം.സ്.സി കെമിസ്ട്രി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൾ എനർജി പ്രോഗ്രാമിന് 2021 –23 ബാച്ച് അഡ്മിഷനു SC സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2021 നവംബർ 25ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

## സായി–എൽ.എൻ.സി.പി.ഇ. – എസ്.സി./എസ്.ടി. – സീറ്റ് ഒഴിവ്

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം സായി–എൽ. എൻ.സി.പി.ഇ. കോളേജിലെ ബി.പിഎഡ്. (രണ്ട് വർഷം) കോഴ്സിലേക്ക് ഒഴിവുള്ള എസ്.സി. (പെൺകുട്ടികൾ: 2 സീറ്റ്), എസ്.ടി. (പെൺകുട്ടികൾ: 1 സീറ്റ്, ആൺകുട്ടികൾ: 2 സീറ്റ്) സീറ്റുകളിലേക്ക് നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് www.lncpe.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 26 ന് 9 മണിക്ക് പ്രസ്തുത കോളേജിൽ അഡ്മിഷൻ ടെസ്റ്റിന് ഹാജരാകേണ്ടതാണ്. ഇതേ വർഷം ഒരു തവണ അഡ്മിഷൻ ടെസ്റ്റിന് പങ്കെടുത്ത വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് 0471 – 2412189 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കേരള സർവ്വകലാശാല വിദൂര കോഴ്സുകൾക്ക് അഞ്ച് വർഷത്തേക്ക് അംഗീകാരം ഈ വർഷത്തെ പ്രവേശനം ഡിസംബർ 15 വരെ

കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ (UGC-DEB) അഞ്ച് വർഷത്തേയ്ക്ക് അംഗീകാരം നല്കി . ഇതനുസരിച്ച് 2026 വരെ കോഴ്സുകൾ നടത്താം. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, കോമേഴ്സ്, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ലൈബ്രറി സയൻസ്, ഹിസ്റ്ററി, ബി.ബി.എ എന്നീ ബിരുദ കോഴ്സുകൾക്കും ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കോമേഴ്സ്, ഹിസ്റ്ററി, ഇക്കണോമിക്സ്, ലൈബ്രറി സയൻസ് എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുമാണ് അംഗീകാരം നല്കിയത്.സയൻസ് കോഴ്സുകളായ ബി.എസ്.സി മാത്തമാറ്റിക്സ്, ബി.എസ്.സി കംപ്യൂട്ടർ സയൻസ്, ബി.സി.എ, എം.എസ്.സി മാത്തമാറ്റിക്സ്, എം.എസ്.സി കംപ്യൂട്ടർ സയൻസ് തുടങ്ങിയവ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ഈ വർഷം തന്നെ പ്രവേശനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതേസമയം ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ സർവ്വകലാശാലയ്ക്ക് അനുവദിച്ച ബിരുദ ബിരുദാനന്തര കോഴ്സുകളിലേയ്ക്ക് ഈ വർഷത്തെ (2021–22) അഡ്മിഷൻ തുടരുകയാണ്.

യു.ജി.സി - ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരുമുള്ള ഈ കോഴ്സുകളിലുടെ നേടുന്ന ബിരുദ-ബിരുദാനന്തര ബിരുദങ്ങൾ സർവ്വകലാശാലയുടെ റെഗുലർ പഠന കോഴ്സുകൾക്ക് സമാനവും ഈ പഠന രീതിയിലുടെ നേടുന്ന ബിരുദ-ബിരുദാനന്തര ബിരുദങ്ങൾ ഉന്നത പഠനത്തിനും ഉദ്യോഗത്തിനും അംഗീകാരമുള്ളതുമാണ്.ഈ കോഴ്സുകളിലേയ്ക്കുള്ള അപേക്ഷ ഡിസംബർ 15 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരി പകർപ്പും അസ്സൽ സർട്ടിഫിക്കറ്റുകളും കാര്യവട്ടത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഡിസംബർ 15 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റു വിവരങ്ങൾക്കും www.ideku.net സന്ദർശിക്കുക.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല നവംബർ 29 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ബി.എ. (ആന്വൽ സ്കീം - പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച റെഗുലർ (2020 അഡ്മിഷൻ) വിദ്യാർത്ഥികൾ തോന്നയ്ക്കൽ ശ്രീ സത്യസായി ആർട്സ് ആന്റ് സയൻസ് കോളേജിലും ഇംപ്രൂവ്മെന്റ് (2019 അഡ്മിഷൻ) രജിസ്റ്റർ നമ്പർ 3021915001 മുതൽ 3021915074 വരെയുള്ള വിദ്യാർത്ഥികൾ കാര്യവട്ടം കെ.യു.സി.ടി.ഇ.യിലും, രജിസ്റ്റർ നമ്പർ 3021915075 മുതൽ 3021915129 വരെയുള്ള വിദ്യാർത്ഥികൾ കുമാരപുരം കെ.യു.സി.ടി.ഇ.യിലും, സപ്ലിമെന്ററി (2017 & 2018 അഡ്മിഷൻ) വിദ്യാർത്ഥികൾ കണ്ണമ്മൂല ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും എഴുതേണ്ടതാണ്.കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ.കോളേജ് കൊല്ലത്തും, ആലപ്പുഴ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി. കോളേജിലും, പത്തനംതിട്ട ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ്.സിറിൾസ് കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റ് അതാതു പരീക്ഷാകേന്ദ്രങ്ങളിൽ ലഭ്യമാണ്. സംശയനിവാരണത്തിനായി 0471 – 2386406 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരീക്ഷാ ഫലം

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എൽ. ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്പരിശോധനയ്ക്ക് ഡിസംബർ 3 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഏപ്രിൽ മാസം നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ/ബി.ബി.എ/ബി.കോം എൽ.എൽ.ബി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2021 ഡിസംബർ 4 വരെ അപേക്ഷിക്കാവുന്നതാണ്.വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി സെപ്റ്റംബർ 2020 ന്റെ സ്പെഷ്യൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാജയപ്പെട്ട വിദ്യാർത്ഥികൾ ഡിസംബർ 1ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയ്ക്ക് നവംബർ 28 ന് മുൻപായി ഓഫ് ലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഡിസംബർ 4 വരെ ഓഫ് ലൈനായി അപേക്ഷിക്കാം.

## പുതുക്കിയ പരീക്ഷ തീയതി

കേരളസർവകലാശാല നവംബർ 16 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്/ഇന്റഗ്രേറ്റഡ് ബി.എം.-എം.എ.എം.) (2015 സ്കീം) പരീക്ഷയുടെ വൈവാ വോസി ഡിസംബർ 6 ന് കൊല്ലം ചവറയിലെ എം.എസ്.എൻ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിൽ വച്ച് നടത്തുന്നതാണ്.

കേരളസർവകലാശാല 2021 നവംബർ 23ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.എ/ എം.എസ്.സി/ എം.കോം/ എം.എസ്.ഡബ്ല്യു (ന്യൂ ജനറേഷൻ കോഴ്സ്) പരീക്ഷകൾ 2021 ഡിസംബർ 1 മുതൽ ആരംഭിക്കുന്നതാണ്. പുനഃക്രമീകരിച്ച ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്പെഷ്യൽ പരീക്ഷ**

കേരള സർവകലാശാല ബി.എ/ ബി.എസ്.സി/ ബി.കോം എസ്.ഡി.ഇ ഏപ്രിൽ മാസം നടത്തിയ മൂന്നും നാലും സെമസ്റ്റർ, ഒക്ടോബർ 2020, ഓഗസ്റ്റ് മാസം നടത്തിയ അഞ്ചും ആറും സെമസ്റ്റർ, ഏപ്രിൽ 2021 പരീക്ഷകൾ കോവിഡ് പോസിറ്റീവ്, ഹോം ക്വാറന്റൈൻ കാരണം എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുന്നു. സ്പെഷ്യൽ പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികൾ ആരോഗ്യവകുപ്പിന്റെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ഡിസംബർ 4 ന് മുൻപായി പരീക്ഷ കൺട്രോളർക്ക് സമർപ്പിക്കേണ്ടതാണ്. നേരത്തെ അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

**കേരളസർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്**
**(റെഗുലർ/ ബ്രിഡ്ജ്) 2020-21**

കേരളസർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനുള്ള (റെഗുലർ/ബ്രിഡ്ജ് 2020-21) അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷാഫോറം സർവകലാശാല വെബ്സൈറ്റിൽ (www.research.keralauniversity.ac.in) നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ അപേക്ഷാഫോറവും അനുബന്ധ രേഖകളും ' രജിസ്ട്രാർ, കേരളസർവകലാശാല പാളയം, തിരുവനന്തപുരം 695034' എന്ന വിലാസത്തിൽ 2021 ഡിസംബർ 31ന് 5 മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം,
24.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**